DESPATCHED On...11.3.2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**CP.No. 230(5)/19/SIC File No. 2518/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി പി. ആർ. ശ്രീലത, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ഇബ്രാഹിം,
ഹസീന മൻസിൽ,
പാലമൂട്, വെമ്പായം പി.ഒ, തിരുവനന്തപുരം. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),
തിരുവനന്തപുരം.

ഡോ. ജോസ്. ജി. ഡിക്രൂസ്,
മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം),
തിരുവനന്തപുരം. } എതിർകക്ഷി

## അന്തിമ ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ പരാതി ഹർജിക്കാരനായ ശ്രീ. ഇബ്രാഹിം 16.03.2018 തീയതിയായി സമർപ്പിച്ച പരാതി ഹർജി CP 230(5)/18/SIC ആയി കമ്മീഷൻ ഫയലിൽ സ്വീകരിച്ച് 2018 ജൂലൈ 5-ാം തീയതി തീർപ്പാക്കിയിരുന്നു. ടി ഉത്തരവ് പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ശ്രീ. ആർ. ഷാജൻ 17.10.2018 തീയതി കമ്മീഷൻ മുമ്പാകെ വിശദീകരണം സമർപ്പിച്ചു. ടി വിശദീകരണത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരൻ ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ട് ടിയാൻ ആവശ്യപ്പെട്ട സമയത്ത് പൂർത്തികരിച്ചിരുന്നില്ല എന്നും ആയതിനാൽ ഒരു ഇടക്കാല മറുപടി ടിയാന് നൽകി എന്നും 27.11.2017 ന് ആരോഗ്യ വകുപ്പ് റീജ്യണൽ വിജിലൻസ് യൂണിറ്റ് നമ്പർ 1 ന്റെ നേതൃത്വത്തിലുള്ള ടീം അന്വേഷണം നടത്തുകയും 31..01.2018 ന് പൂർത്തികരിച്ചു എന്നും 02.02.2018 ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകി എന്നും തുടർന്ന് പരാതിക്കാരന് ടി റിപ്പോർട്ടിന്റെ പകർപ്പ് നൽകി എന്നും എന്നാൽ അന്വേഷണ റിപ്പോർട്ട് ക്രോഡീകരിക്കുന്നതിനുള്ള കാലതാമസമാണ് പകർപ്പ് നൽകാൻ ഇടയായത് എന്നുമാണ്. കൂടാതെ സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 05.07.2018 ലെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിങ്ങനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതായും അറിയിക്കുന്നു.

എസ്.പി.ഐ.ഒ യുടെ വിശദീകരണത്തെ തുടർന്ന് മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഡോ. ജോസ് ജി. ഡിക്രൂസിനെ 23.02.2019 തീയതി കമ്മീഷൻ മുമ്പാകെ നേരിൽ കേട്ടു. ടിയാൻ കമ്മീഷൻ മുമ്പാകെ എഴുതിയും മൊഴിയായും അറിയിച്ചത്, റിജ്യയണൽ വിജിലൻസ് യൂണിറ്റ് ഒരു അന്വേഷണ സംവിധാനം മാത്രമാണെന്നും വിവിധ ഓഫീസുകളിലെ 3 ഉദ്യോഗസ്ഥസംഘമാണ് യൂണിറ്റെന്നും ആയതിനാൽ 25.07.2018 ന് മുമ്പ് വിവരാവകാശ നിയമപ്രകാരം ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നില്ല എന്നും ടിയാൻ അപേക്ഷ സമർപ്പിച്ച സമയത്ത് അന്വേഷണ റിപ്പോർട്ട് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 07.01.2018 ന് ഒരു ഇടക്കാല മറുപടി നൽകിയിരുന്നു എന്നും തുടർന്ന് 31.01.2018 ന് അന്വേഷണ റിപ്പോർട്ട് പൂർത്തിയാക്കുകയും 2.2.2018 ന് പരാതിക്കാരന് റിപ്പോർട്ട് നൽകുകയുമുണ്ടായി. തുടർന്ന് അന്വേഷണ റിപ്പോർട്ടിൽ വീഴ്ച കണ്ടെത്തിയ ഫാർമസിസ്റ്റ് ഗ്രേഡ്. I ശ്രീ. അൻസാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നതായും ഫാർമസിസ്റ്റ് എന്ന പ്രൊഫഷനിൽ തുടരുന്നതു സംബന്ധിച്ച് ഫാർമസി കൗൺസിൽ നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയതിട്ടുണ്ട് എന്നുമാണ്.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ആർ. ഷാജൻ സമർപ്പിച്ച വിശദീകരണവും മുൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഡോ. ജോസ്. ജി. ഡിക്രൂസ് നൽകിയ മൊഴിയും വിശദീകരണവും പരിശോധിച്ചതിൽ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയിട്ടുള്ളതായും കുറ്റക്കാരനെന്ന് കണ്ടെത്തിയ ഫാർമസിസ്റ്റിനെതിരെ നടപടി സ്വീകരിക്കുന്നതായി ശുപാർശ നൽകിയിട്ടുള്ളതായും കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ ഒന്നും രണ്ടും എതിർകക്ഷികളുടെ വിശദീകരണം കമ്മീഷൻ അംഗീകരിക്കുകയും രണ്ടാം എതിർകക്ഷിക്കെതിരെ ആരംഭിച്ച ശിക്ഷണനടപടി കമ്മീഷൻ അവസാനിപ്പിച്ചു കൊണ്ട് പ്രസ്തുത പരാതി ഹർജി തീർപ്പാക്കി ഈ ഉത്തരവ് ഇന്നേ ദിവസം 2020 ജനുവരി മാസം 31-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)